# മാതൃകാചോദ്യപേപ്പർ
## പാർട്ട് IIമലയാളം
## ഹയർസെക്കന്ററി രണ്ടാംവർഷം

സ്കോർ 80

സമാശ്വാസസമയം:15മിനുട്ട് സമയം 2.30 മണിക്കൂർ

**1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ശരിയായ രണ്ടുത്തരം വീതം തിരഞ്ഞെടുത്തെഴുതുക. സ്കോർ 2 വീതം.**

1 മത്തേഭം പാംസുസ്നാനം കൊണ്ടല്ലോ സന്തോഷിപ്പൂ

നിത്യവും സ്വച്ഛജലം തന്നിലെ കുളിച്ചാലും

ഈ വരികൾക്ക് യോജിക്കുന്ന ആശയം എഴുതുക.

- മദയാന ശുദ്ധജലത്തിൽ മാത്രമേ കുളിക്കുകയോള്ളൂ
- ദുഷ്യന്തൻ നല്ല കാര്യങ്ങളേക്കാൾ മോശം കാര്യങ്ങൾ കാണുന്നവനാണ്
- തെളിഞ്ഞ വെള്ളത്തിൽ കുളിച്ചാലും മദയാനക്കിഷ്ടം പൊടിമണ്ണിൽ കുളിക്കാനാണ്
- മദയാനപൊടിമണ്ണിൽകുളിക്കുന്നതിൽസന്തോഷംകണ്ടെത്തുന്നില്ല.

2 കിരാതവൃത്തത്തിലെ കാട്ടാളന്റെ രോഷത്തെ സൂചിപ്പിക്കുന്നരണ്ടു കല്പനകൾ എഴുതുക.

- അലകടലിൻവേരുപറിക്കാൻ
- മാന്തോപ്പുകളുരുകും മണ്ണ്
- കവിളത്തഴകെഴുവളഞ്ഞും
- തലയില്ലാതൊഴുകണമാറ്റിൽ

3 തനത് നാടകവേദിയുടെ സവിശേഷതകൾ കണ്ടെത്തുക.

- സംഭാഷണങ്ങൾക്ക് പ്രാധാന്യമില്ല
- സ്റ്റേജിൽ മാത്രം അവതരിപ്പിക്കുന്നു.
- തുറന്ന രംഗവേദി.
- നാടോടി കലകളുടെ ഊർജം ഉൾക്കൊണ്ടു

4 പുലിക്കോട്ടിൽ ഹൈദരുടെപാട്ടുകളുടെ സവിശേഷതകളായി വരുന്ന സൂചനകൾ ഏതെല്ലാം.

- പ്രമേയത്തിലും പദാവലിയിലുമുള്ള കേരളീയത
- വമിഴി ഭാഷ കൃതികളിൽ നിന്ന് ഒഴിവാക്കി
- ഭക്തിയാണ് രചനകളെ പ്രചോദിപ്പിച്ചത്
- സ്ത്രീപക്ഷപാതിയായ രചനകൾ

5 കുറവില്ലാതെ നമുക്കൊരു വസ്തു

പറവാനില്ല ജനിച്ചെപ്പിന്നെ . ഈവരികളിൽ തെളിയുന്ന ഭാവം?

- തന്റെ ജീവിതം ധന്യ മാണെന്ന വിശ്വാസം
- സ്ത്രീജീവിതത്തിന്റെശിഥിലമായ ആത്മബോധം
- പരിഹാസം
- ശീലാവതി ജീവിതത്തിൽ മാറ്റം ആഗ്രഹിക്കുന്നില്ല

6 വാംഖഡെയുടെ ഹൃദയത്തുടിപ്പുകൾ എന്ന ശീർഷകവുമായി യോജിക്കുന്ന രണ്ടു പ്രസ്താവനകൾ?

- യാത്രാവിവരണം
- സ്പോർട്സ് ഫീച്ചർ
- അറിവിനും വസ്തുതക്കും മാത്രം പ്രാധാന്യം നൽകുന്ന അവതരണം
- ക്രിക്കറ്റിൽ നിന്നും സച്ചിന്റെ വിടവാങ്ങൽ

**7 മുതൽ 10 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.2 സ്കോർ വീതം**

7 ശ്രീനാരായണ ഗുരുവിന്റെദൈവദശകത്തിന്റെസവിശേഷതകൾ കുറിക്കുക

9 പരമ്പരാഗത മാധ്യമങ്ങളുടെ രണ്ടു സവിശേഷതകൾ എഴുതുക .

8 കലാമണ്ഡല പഠനകാലത്ത്ഹൈദരലിയെ സഹപാഠികൾ അവഗണിച്ചപ്പോഴും ഗുരു കാരുണ്ണ്യവും വാത്സല്യവും ലഭിച്ച സന്ദർഭങ്ങൾ ഏതൊക്കെയാണ്?

9പരമ്പരാഗതമാധ്യമങ്ങളുടെ രണ്ടു സവിശേഷതകൾ എഴുതുക.

10 ചെമ്പുപാത്രം ഈയം പ്പൂശുന്നതുപോലെ മനസമിത്രം ഗുളിക വാങ്ങി കഴിച്ച് തന്റെ തലച്ചോറിനെ വൃത്തിയാക്കണമെന്ന് ടി പി ശ്രീധരൻ തീരുമാനിക്കാൻ കാരണമെന്ത്?

**11മുതൽ 17 വരെയുള്ള ഏതെങ്കിലും 6 എണ്ണത്തിന് അ രപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. സ്കോർ 4 വീതം**

11 മാതൃഭാഷാപഠനം ജീവിതത്തിലെ ഏറ്റവും നല്ല പഠനമായി ഇസിജി സുദർശൻ വിലയിരുത്തുന്നത് എന്തുകൊണ്ടാവാം?

12"ഏതെങ്കിലുംകുറെപടങ്ങൾപോരെ?ഇന്നതുതന്നെവേണമെന്ന് നിർബന്ധം പിടിക്കുന്നത് അത്ര ബുദ്ധിയാണോ? വെറുതെ സമയം പാഴാണ് "-അവകാശങ്ങളുടെ പ്രശ്നം എന്ന കഥയിൽ ഈ സന്ദർഭം നൽകുന്ന സൂചനകൾ എന്തെല്ലാം?

13 നാട്ടരങ്ങിൽ കാക്കാരിശ്ശിപ്പാട്ടിനെ പരിചയപ്പെടുത്തുന്ന ഒരു കുറിപ്പ് തയ്യാറാക്കുക

14 മോഷണംഎന്ന കവിത ഉണർത്തുന്ന ചിന്തകൾ എന്തെല്ലാം?

15 ഇപ്പോഴത്തെ അവസ്ഥയിലും പത്രങ്ങൾക്ക് കുറെയധികം കാര്യങ്ങൾ ചെയാൻ കഴിയും -പി സായ്നാഥ് .ഈ അഭിപ്രായം മുൻനിർത്തി മാധ്യമ കർത്തവ്യങ്ങളെക്കുറിച്ച്കുറിപ്പ് തയാറാക്കുക.

16 വാംഖഡെയുടെഹൃദയത്തുടിപ്പുകൾ എന്ന ഫീച്ചറിലെ ഏറ്റവും വൈകാരിക സന്ദർഭങ്ങൾ ഏതൊക്കെയാണെന്ന് കുറിക്കുക.

17 പരസ്യങ്ങളെയും പ്രചാരണങ്ങളെയും ഒന്നടക്കം അവിശ്വസനീയമെന്നും അനഭിലഷണീയമെന്നും പരിഗണിക്കുന്നത്അത്ര ശരിയല്ല എന്ന് പറയുന്നത് എന്തുകൊണ്ട്?

**18മുതൽ 21വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3എണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 6 സ്കോർ വീതം**

18 ഗതകാല മഹിമയേക്കാൾ ജീവിതത്തിന്റെ നേർക്കാഴ്ചയാണ് എസ് കെ പൊറ്റക്കാടിന്റെ യാത്രാവിവരണങ്ങൾ -ബദരിയും പരിസരങ്ങളും എന്ന പാഠഭാ ഗം ആസ്പദമാക്കി വിശകലനം ചെയ്യുക

19 അനേകം നിർഭാഗ്യങ്ങളോടൊപ്പം സംഭവിച്ച ചില ഭാഗ്യങ്ങളുടെ പേരിലാണ് ഞാൻ ഇന്ന് ജീവിക്കുന്നത് -കലാമണ്ഡലം ഹൈദരാലിയുടെ ഈ പരാമർശത്തിൽ നിന്ന് ലഭ്യമാകുന്ന ആശയങ്ങൾ എന്തെല്ലാം?

20 ദുഷ്യന്തനോട് ശകുന്തള പറയുന്ന വാക്കുകളിൽ വിമർശനത്തോടൊപ്പം തന്നെ സമൂഹത്തോടുള്ള സാരോപദേശവും അടങ്ങിയിരിക്കുന്നു. ഈ പ്രസ്താവനയെ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കു.

21 "എവിടെപോയെന്റെ ദിനങ്ങൾ

എവിടെപ്പോയെന്റെ കിടാങ്ങൾ"

ഒരു ജനതയ്ക്ക് നഷ്ടപ്പെട്ട സൗഭാഗ്യങ്ങളെക്കുറിച്ചു ഈ വരികൾ സൂചിപ്പിക്കുന്നുണ്ടോ ? കിരാതവൃത്തം എന്ന കവിതയെ ആസ്പദമാക്കി വിശദീകരിക്കുക

**താഴെ കൊടുത്തിരിക്കുന്ന കവിതാഭാഗം വായിച്ച് 22മുതൽ 24 വരെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക -സ്കോർ 2 വീതം**

ഒരിക്കൽ ഒരു മഹർഷി കോഴി കുഞ്ഞിനെയും കാക്ക കുഞ്ഞിനേയും അടുത്ത് വിളിച് ഉപദേശിച്ചു

അറിവാണ് ചിറകുകൾ ചിറകുറയ്ക്കാതെ പാറക്കരുത്

ആഴം ഇരുളുന്ന തടാകങ്ങൾക്ക് മീതെ, കവണ കൈകളുള്ള ചന്തകൾക്ക് മീതെ

തോക്കിൻ കണ്ണുള്ള നഗരങ്ങൾക്ക് മീതെ പക്വത വരാതെ പറക്കരുത്. ....

കോഴിക്കുഞ്ഞ് വരിക്ക പ്ലാവിന്റെ തണൽ വൃത്തത്തിൽ നെല്ലും പതിരും ചികഞ്ഞു

പക്വത വന്നിട്ട് പറക്കാം

മഹർഷിയുടെ ഓരോ വാക്കിനും ശവപ്പെട്ടിയുടെ ആകൃതിയെന്ന് പറഞ്ഞു കാക്ക കുഞ്ഞ് പറന്ന് പോയി

കനികളുടെ പുതുമയിലേക്ക് കുഞ്ഞുങ്ങളുടെ ഉണർവുമായി

എച്ചിലിന്റെ പഴമയിലേക്ക്

പിച്ചക്കാരിയുടെ നാവുമായി

നനഞ്ഞ കൈകൊട്ടുന്ന ശ്രാദ്ധമുറ്റത്തേക്ക്

പിതൃക്കളുടെ കണ്ണുമായി

മഴയുടെ ആഴത്തിലേക്ക്

മത്സ്യത്തിന്റെമണവുമായ്

വെയിലിന്റെദൂരത്തിലേക്ക്

അമ്പിന്റെലക്ഷ്യവുമായി അത് പറന്നു

മയിലിനോടും കുയിലിനോടും തോറ്റ് ജനകീയതയിൽ ജയിച്ച് , വെളിച്ചത്തിൽ വിശ്വസിച്ച് , കറുകറുത്ത് വളർന്ന്,

അതൊരു വലിയ കാക്കയായി

ഭൂമിയിലും ആകാശത്തിലും ആതിന് വഴികൾ അവസാനിച്ചില്ല

തിരസ്കാരം -കെജി ശങ്കരപ്പിള്ള

22കാക്കക്കുഞ്ഞിനും കോഴിക്കുഞ്ഞിനുംമഹർഷി നൽകിയ ഉപദേശം എന്തായിരുന്നു?

23മഹർഷിയുടെ ഉപദേശത്തെ കാക്കകുഞ്ഞ് എങ്ങനെയാണ് നോക്കിക്കണ്ടത്?

24അതൊരുവലിയ കാക്കയായി മാറിയത് എങ്ങനെയാണ്?

**25മുതൽ 27വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഒന്നര പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. സ്കോർ 8 വീതം**

**25.'അഗ്നിവർണന്റെ കാലുകൾ' എന്ന നാടകത്തിലൂടെ കാവാലം നാരായണ പണിക്കർ നിർവഹിക്കുന്ന സാമൂഹിക വിമർശനതലം എന്ത്? വിശകലനം ചെയ്യുക**

**26.'പ്രകാശം ജലംപോലെയാണ് ' എന്ന കഥയിലെ കുട്ടികൾ ഭാവനയിലൂടെ വീണ്ടെടുക്കുന്നത് തങ്ങൾക്ക് നഷ്ടമായ സംസ്കാരത്തെകൂടിയാണോ ? കഥാസന്ദർഭങ്ങൾ മുൻനിർത്തി നിരീക്ഷണകുറിപ്പ് തയാറാക്കുക**

**27.പ്രത്യക്ഷത്തിലുള്ള ഉപചാരം മര്യാദകളില്ലാതെ സ്വന്തം മനസ്സും മനഃസാക്ഷിയും പ്രേരിപ്പിക്കുന്ന വഴിയേ തന്റേടത്തോടെ ഇറങ്ങി പോകുന്ന ആധുനിക സ്ത്രീ ജീവിതത്തിന്റെ മുഖം ഗൗളീജന്മം വെളിപ്പെടുത്തുന്നു. വിശകലനം ചെയ്യുക.**

**ഹയർ സെക്കണ്ടറി മലയാളം - തിരൂർ ക്ലസ്റ്റർ**

**1.ഗ്രൂപ്പ് ലീഡർ ഗീത .കെ ടി MSMHSS Kallingalparamba**

**2:.പ്രദീപ് സോമൻ: AP KHM HSS ആലത്തിയൂർ**

**3 കബീർ എസ് - DHOHSS പൂക്കരത്തറ**

**4 ഗീത.ടി ISSHSS ഇഴുവ തിരുത്തി**

**5 ബിജില.സി.MHSS ആതവനാട്**

**6 മിനി എം.കെ, മോഡേൺ ഹയർ സെക്കണ്ടറി പോട്ടൂർ**

**7 ശോഭ.ടിMVM RHS വളയംകുളം**

**8 അനൂജ - വിGVHSS പറവണ്ണ**

**9രമ്യ .ജി, വന്നേരിHSS പുന്നയൂർക്കുളം**

**10പി.എൻ അജയൻ GHSS കോക്കൂർ**